പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1446

14/12/2012 - ൽ മറുപടിയ്ക്ക്

ഐ.എ.വൈ പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. വി. ശശി | | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) |
| (എ) ഐ.എ.വൈ പദ്ധതി പ്രകാരം വീട് പണി പൂർത്തിയാക്കാത്ത ഗുണഭോക്താക്കൾക്ക് പണിപൂർത്തിയാക്കാൻ ഇപ്പോൾ വർദ്ധിപ്പിച്ചു നൽകുന്ന 2 ലക്ഷം രൂപ ലഭിക്കുന്നതിന് അർഹതയുണ്ടോ ; | (എ) | 02.01.2012ലെ സ.ഉ (കൈ) നം. 2/2012/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ഇന്ദിരാ ആവാസ് യോജന യുടെ പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ഭവനനിർമ്മാണ ധനസഹായം യഥാക്രമം 2 ലക്ഷം രൂപയും 2.50 ലക്ഷം രൂപയുമായി വർദ്ധിപ്പിച്ച് 15.09.2011 മുതൽ പ്രാബല്യം നൽകി ഉത്തരവായിരുന്നു. 16.03.2012ലെ സ.ഉ (കൈ) നം. 68/2012/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം പൊതുവിഭാഗത്തിൽ പെട്ട "ഇന്ദിരാ ആവാസ് യോജന" ഗുണഭോക്താക്കൾക്ക് 2 ലക്ഷം രൂപയായി വർദ്ധിപ്പിച്ച് 15.09.2011 മുതൽ പ്രാബല്യം നൽകി ഉത്തരവായിരുന്നു. 15.09.2011ന് ശേഷം മുഴു വൻ പണിയും നടത്തുന്നവർക്ക് മുഴുവൻ തുകയും 15.09.2011ന് മുൻപ് ഒന്നോ അതിലധികമോ ഘട്ടങ്ങൾ പൂർത്തീകരിച്ച് ധനസഹായം സ്വീകരിച്ചവർക്ക് ആനു പാതിക വർദ്ധനവുമാണ് ബാധകമാകുന്നത്. 15.09.2011 ന് ശേഷം എഗ്രിമെന്റ് വച്ചതായ ഐ. എ.വൈ ഗുണഭോക്താക്കൾക്ക് മാത്രമേ വർദ്ധനവ് വരു ത്തിയ നിരക്കിലുള്ള ആനുകൂല്യം ലഭിക്കാൻ അർഹത യുള്ളൂ. |

(ബി) ഇങ്ങനെ നൽകിയാൽ എത്ര രൂപയുടെ അധിക ചെലവുണ്ടാകുമെന്നാണ് കണക്കാക്കിയിട്ടുള്ളത് ;

(ബി) 2011-12 വർഷത്തിൽ തുക വർദ്ധനവ് മുഖേന ഉണ്ടായിട്ടുള്ള ബാധ്യത മൂലം പൂർത്തിയാക്കാൻ കഴിയാത്തതും ബാക്കി തുക നൽകാനുള്ളതുമായ വീടുകളുടെ എണ്ണം- 43334 ആണ്. നിലവിലുണ്ടായിരുന്ന യൂണീറ്റ് കോസ്റ്റ് വർദ്ധിപ്പിച്ചതു കാരണം ഓരോ വിഭാഗത്തിനും നൽകേണ്ടിവരുന്ന അധികം സഹായം താഴെപ്പറയുന്ന പ്രകാരമാണ്.

ജനറൽ വിഭാഗം എണ്ണം - 24581
അധിക സഹായം നൽകേണ്ടത് - 2.00-0.75= 1.25
- 1.25 x 24581 = 30726.25
= 307.26 കോടി

എസ്.സി വിഭാഗം- എണ്ണം - 16013

അധിക സഹായം നൽകേണ്ടത് - 2.00-1-1.00

- 1.00 x 16013 = 160.13 കോടി

എസ്.റ്റി. വിഭാഗം-എണ്ണം - 2740

അധിക സഹായം നൽകേണ്ടത് - 2.50-1.25=1.25

- 1.25 x 2740 = 34.25 കോടി
501.64 കോടി

2012-2013-ൽ 59620 വീടുകളാണ് കേന്ദ്ര സർക്കാർ ഭൗതീക ലക്ഷ്യമായി നിശ്ചയിച്ചിട്ടുള്ളത്. അതിനായി 20121.29 ലക്ഷം രൂപ കേന്ദ്ര വിഹിതമായും ആനുപാതിക സംസ്ഥാന വിഹിതമായ 8.128 ലക്ഷം രൂപയുമാണ് വകയിരുത്തിയിട്ടുള്ളത്. 15.09.2011-ലെ യൂണിറ്റ് കോസ്റ്റ് വർദ്ധനവ് കാരണം ഓരോ വിഭാഗത്തിലുമുള്ള അധികചെലവ് താഴെപ്പറയും പ്രകാരമാണ്.

പട്ടികജാതി വിഭാഗം - 48.75 കോടി രൂപ
(32195 വീടുകൾക്ക്)
പട്ടികവർഗ്ഗ വിഭാഗം - 72.07 കോടി രൂപ
(3577 വീടുകൾക്ക്)
പൊതുവിഭാഗം - 361.297 കോടി രൂപ
(23848 വീടുകൾക്ക്)

| | | |
|---|---|---|
| (സി) പ്രസ്തുത പദ്ധതി പ്രകാരം 2012-13 ൽ എത്ര ഭവനങ്ങൾ നിർമ്മിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; ഇതിൽ എത്ര വീടുകൾ പട്ടികവിഭാഗങ്ങൾക്കായി നീക്കിവെച്ചിട്ടുണ്ട് ; ജില്ലതിരിച്ചുള്ള കണക്കു വ്യക്തമാക്കുമോ? | (സി) | **ഇന്ദിരാ ആവാസ് യോജന പദ്ധതി പ്രകാരം 2012-2013-ൽ 59620 വീടുകളാണ് ഭൗതിക ലക്ഷ്യമായി കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ളത്. ഇതിൽ പട്ടിക വിഭാഗങ്ങൾക്കായി നീക്കിവച്ചിട്ടുള്ള വീടുകളുടെ എണ്ണത്തിന്റെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.** |

Lilly.

സെക്ഷൻ ഓഫീസർ